ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം - ജീവനക്കാര്യം - അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II, പ്രിസൺ ഓഫീസർ, ഗേറ്റ് കീപ്പർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികകളിൽ പ്രൊമോഷൻ നൽകിയും ജീവനക്കാരെ സ്ഥലം മാറ്റി നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 10.03.2022 തീയതിയിലെ ഈ ഓഫീസിൽ നിന്നുള്ള E6-5787/2022/PrHQ എന്ന നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ. E5-22779/2019/PrHQ; തീയതി : 12-04-2022**

പരാമർശം (1) പ്രകാരം കണ്ണൂർ സെൻട്രൽ പ്രിസണിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II ശ്രീ. എം.കെ.ഹനീഫക്ക് അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-I ലേക്ക് പ്രൊമോഷൻ നൽകിയത് മുഖേന കണ്ണൂർ സെൻട്രൽ പ്രിസണിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II തസ്തികയിൽ ഒരൊഴിവും 28.02.2022 തീയതിയിൽ തിരുവനന്തപുരം സെൻട്രൽ പ്രിസണിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. ഷാജി.എൻ വിരമിച്ചത് വഴി പ്രസ്തുത ജയിലിൽ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിൽ ഒരൊഴിവും ഉണ്ടായിട്ടുണ്ട്. ടി ഒഴിവുകളിലേക്കും അതിനെ തുടർന്നുണ്ടാകുന്ന മറ്റൊഴിവുകളിലേക്കും സീനിയോറിറ്റി പ്രകാരം ജീവനക്കാർക്ക് പ്രൊമോഷൻ/ നിയമനം നൽകിയും ജീവനക്കാരെ സ്ഥലം മാറ്റി നിയമിച്ചും ചുവടെ ചേർക്കും പ്രകാരം ഉത്തരവാകുന്നു.

1. കണ്ണൂർ സെൻട്രൽ പ്രിസണിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് തിരുവനന്തപുരം സെൻട്രൽ പ്രിസണിലെ പ്രിസൺ ഓഫീസർ ശ്രീ. അനിൽകുമാർ.വി. യ്ക്ക് സീനിയോറിറ്റി പ്രകാരം പ്രൊമോഷൻ നൽകി കൊല്ലം ജില്ലാ ജയിലിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II ശ്രീ. രാജീവൻ.ഒ.കെ-യെ സ്ഥലം മാറ്റി നിയമിക്കുന്ന ഒഴിവിൽ നിയമിക്കുന്നു.
2. സ്ഥലം മാറ്റുന്ന കൊല്ലം ജില്ലാ ജയിലിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II ശ്രീ. രാജീവൻ.ഒ.കെ. യെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II ശ്രീ. എം.കെ.ഹനീഫക്ക് അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-I ലേക്ക് പ്രൊമോഷൻ നൽകിയത് മുഖേന ഉണ്ടായ ഒഴിവിൽ കണ്ണൂർ സെൻട്രൽ ജയിലിൽ നിയമിക്കുന്നു.
3. തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ ഉണ്ടാകുന്ന പ്രിസൺ ഓഫീസർ തസ്തികയിലെ ഒഴിവിലേക്ക് എറണാകുളം ജില്ലാ ജയിലിലെ ഗേറ്റ് കീപ്പർ ശ്രീ. ശശികുമാർ.പി.ടി യെ സീനിയോറിറ്റി പ്രകാരം നിയമിക്കുന്നു.
4. അപ്രകാരം എറണാകുളം ജില്ലാ ജയിലിൽ ഉണ്ടാകുന്ന ഗേറ്റ് കീപ്പർ തസ്തികയിലെ ഒഴിവിലേക്ക് തിരുവനന്തപുരം സെൻട്രൽ പ്രിസണിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. വിൽസെൻറിനെ സീനിയോറിറ്റി പ്രകാരം നിയമിക്കുന്നു.
5. തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ ഒഴിവുണ്ടാകുന്ന 2 ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിലേക്ക് സീനിയോറിറ്റി പ്രകാരം പൊൻകുന്നം സ്പെഷ്യൽ സബ് ജയിലിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ശ്രീ. സിനി രവീന്ദ്രൻ, വിയ്യൂർ ജില്ലാ ജയിലിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ശ്രീ. ബാബുരാജ്.സി.വി എന്നിവർക്ക് പ്രൊമോഷൻ നൽകി യഥാക്രമം വിയ്യൂർ അതീവസുരക്ഷാ ജയിലിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. കെ.ഷാജി, വിയ്യൂർ സെൻട്രൽ പ്രിസണിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. സുധീഷ്. എസ് എന്നിവരെ സ്ഥലം മാറ്റുന്ന ഒഴിവുകളിൽ നിയമിക്കുന്നു.
6. വിയ്യൂർ അതീവസുരക്ഷാ ജയിലിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. കെ.ഷാജി,

വിയ്യൂർ സെൻട്രൽ പ്രിസണിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. സുധീഷ്. എസ് എന്നിവർക്ക് തിരുവനന്തപുരം സെൻട്രൽ പ്രിസണിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിലെ 2 ഒഴിവുകളിലേക്ക് സ്ഥലം മാറ്റി നിയമനം നൽകുന്നു.

ടി ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: 1) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ [സൂപ്രണ്ട് മുഖേനെ]
2) ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർ

പകർപ്പ് : ഡി.ഐ.ജി ഓഫ് പ്രിസൺസ്
ഉത്തര/ മധ്യ/ ദക്ഷിണ മേഖലകൾ
ഓഫീസ് കോപ്പി/ ടെക്നിക്കൽ സെൽ